©
കേരള സർക്കാർ
Government of Kerala
2022

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 11<br>Vol. XI | തിരുവനന്തപുരം,<br>വെള്ളി<br>Thiruvananthapuram,<br>Friday | 2022 ഡിസംബർ 16<br>16th December 2022<br>1198 ധനു 1<br>1st Dhanu 1198<br>1944 അഗ്രഹായനം 25<br>25th Agrahayana 1944 | നമ്പർ<br>No. | 4288 |


GOVERNMENT OF KERALA

**Law (Legislation-A) Department**

NOTIFICATION

No. 90/Leg.A2/2022/Law. *Dated, Thiruvananthapuram, 16th December, 2022*
*1st Dhanu, 1198*
*25th Agrahayana, 1944.*

The following Act of the Kerala State Legislature is hereby published for general information. The Bill as passed by the Legislative Assembly received the assent of the Governor on the 15th day of December, 2022.

By order of the Governor,

V. Hari Nair,
*Law Secretary.*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

# ACT 20 OF 2022

## THE KERALA GENERAL SALES TAX (AMENDMENT) ACT, 2022

*An Act further to amend the Kerala General Sales Tax Act, 1963.*

*Preamble.*—WHEREAS, it is expedient further to amend the Kerala General Sales Tax Act, 1963 (15 of 1963) for the purposes hereinafter appearing;

BE it enacted in the Seventy-third Year of the Republic of India as follows:—

1. *Short title and commencement.*—(1) This Act may be called the Kerala General Sales Tax (Amendment) Act, 2022.

(2) It shall come into force at once.

2. *Amendment of the Schedule.*—In the Kerala General Sales Tax Act,1963 (15 of 1963) in the SCHEDULE, in serial number 2, under the heading 'Foreign Liquor', for the entries "112, 82, 247, 237" against sub-entries (iii), (iv) and sub-items (a) and (b) of sub-entry (v), the entries "116, 86, 251, 241" shall, respectively, be substituted.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2022

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by Veeran T
Date:2022.12.16 08:50:11 +05:30

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 01-12-2022

ഫയൽ നം. ബി3/55/2022/റ്റി.ഡി. ഇനം നം: 1227

വിഷയം : നികുതി വകുപ്പ് - സംസ്ഥാനത്തിനകത്ത് വിദേശമദ്യം നിർമ്മിക്കുകയും വിൽക്കുകയും ചെയ്യുന്ന ഡിസ്റ്റിലറികൾക്ക് 1963-ലെ KGST നിയമപ്രകാരം ഈടാക്കുന്ന 5% Turnover Tax (ToT) ഒഴിവാക്കി നൽകുമ്പോൾ ഉണ്ടാകുന്ന വരുമാന നഷ്ടം പരിഹരിക്കുന്നതിനായി വിദേശമദ്യത്തിന്റെ KGST നിരക്ക് 4% വർദ്ധിപ്പിക്കുന്നതിനു തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ 1963-ലെ KGST നിയമം ഭേദഗതി ചെയ്യുന്നതിനുള്ള 2022-ലെ കേരള പൊതുവില്പന നികുതി (ഭേദഗതി) ബില്ലിന്റെ കരട് അംഗീകരിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

സെക്രട്ടറി, നികുതി വകുപ്പ്.

1/XII/22

AS Taxes

1227

**കേരള സർക്കാർ**
**(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)**
**മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്**

| | | | |
|---|---|---|---|
| 1 | ഫയൽ നം | : | ബി3/55/2022/റ്റി.ഡി. |
| 2 | വകുപ്പ് | : | നികുതി (ബി) വകുപ്പ് |
| 3 | വിഷയം | : | സംസ്ഥാനത്തിനകത്ത് വിദേശമദ്യം നിർമ്മിക്കുകയും വിൽക്കുകയും ചെയ്യുന്ന ഡിസ്റ്റിലറികൾക്ക് 1963 -ലെ KGST നിയമപ്രകാരം ഈടാക്കുന്ന 5% Turnover Tax (ToT) ഒഴിവാക്കിനൽകുമ്പോൾ ഉണ്ടാകുന്ന വരുമാന നഷ്ടം പരിഹരിക്കുന്നതിനായി വിദേശമദ്യത്തിന്റെ KGST നിരക്ക് 4% വർധിപ്പിക്കുന്നതിനു തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ 1963-ലെ KGST നിയമം ഭേദഗതി ചെയ്യുന്നതിനുള്ള 2022 -ലെ കേരള പൊതുവിൽപന നികുതി(ഭേദഗതി) ബില്ലിന്റെ കരട് അംഗീകരിക്കുന്നത് സംബന്ധിച്ച്. |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 30.11.2022 |
| 5 | i.ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ/ | : | അതെ |
| | ii. സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | ഉണ്ട്. |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ | : | ഉണ്ട്. |
| | അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | ഉണ്ട്. |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | : | സിനി ജെ. ഷുക്കൂർ |
| 8 | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | : | ഡോ. രത്തൻ യു. കേൽക്കർ |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 30.11.2022 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. വി.പി. ജോയ് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 30.11.2022 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | കെ.എൻ. ബാലഗോപാൽ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 30.11.2022 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 30.11.2022 |
| 15 | മന്ത്രിസഭാ യോഗം തീരുമാനം എടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിൻെ നമ്പരും തീയതിയും | : | |

87

**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

സംസ്ഥാനത്തിനകത്ത് വിദേശമദ്യം നിർമ്മിക്കുകയും വിൽക്കുകയും ചെയ്യുന്ന ഡിസ്റ്റിലറികൾക്ക് 1963 -ലെ KGST നിയമപ്രകാരം ഈടാക്കുന്ന 5% Turnover Tax (ToT) ഒഴിവാക്കിനൽകുമ്പോൾ ഉണ്ടാകുന്ന വരുമാന നഷ്ടം പരിഹരിക്കുന്നതിനായി വിദേശമദ്യത്തിന്റെ KGST നിരക്ക് 4% വർധിപ്പിക്കുന്നതിനു തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ 1963-ലെ KGST നിയമം ഭേദഗതി ചെയ്യുന്നതിനുള്ള 2022 ലെ കേരള പൊതുവിൽപന നികുതി (ഭേദഗതി) ബില്ലിന്റെ കരട് അംഗീകരിക്കുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഡിസ്റ്റിലറികൾക്ക് Turnover Tax ഒഴിവാക്കുന്നതു സംബന്ധിച്ച് 23.11.2022 ലെ മന്ത്രിസഭായോഗം താഴെപ്പറയുന്ന നിർദ്ദേശങ്ങൾ അംഗീകരിക്കുകയുണ്ടായി.

(1). Exemption of ToT levied upon distilleries which is currently @ 5%.

(2). No change in the existing price at which KSBC is procuring from distilleries.

(3). 4% increase in KGST rate to be levied on the sales to make up for the loss of revenue arising from scrapping of ToT on distilleries.

(4). 1% increase in the Warehouse margin for KSBC to make up for loss for KSBC which would occur on ToT payable by them in tandem with increased KGST.

(5). The above measures would increase the MRP for end consumers by 2%.

&

ഡിസ്റ്റിലറികളുടെ Turnover Tax ഒഴിവാക്കുമ്പോൾ സംസ്ഥാനത്തിനുണ്ടാകുന്ന വരുമാന നഷ്ടം ഇല്ലാതാക്കുന്നതിന് വിദേശ മദ്യത്തിൻമേൽ നിലവിൽ ചുമത്തുന്ന സംസ്ഥാന പൊതു വിൽപന നികുതി നിരക്കിൽ 4% വർദ്ധനവ് വരുത്തേണ്ടതുള്ളതിനാൽ അതിനായി നിയമസഭയിൽ ഒരു ബിൽ അവതരിപ്പിച്ച് 1963- ലെ കേരള പൊതു വിൽപന നികുതി നിയമത്തിൽ ഭേദഗതി വരുത്തുന്നത്.

3. തുടർന്ന്, 23.11.2022 ലെ മന്ത്രിസഭായോഗ തീരുമാനം നടപ്പാക്കുന്നത് സംബന്ധിച്ച് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ സമർപ്പിക്കുകയുണ്ടായി.

(a) ഡിസ്റ്റിലറികളിൽ നിന്ന് ഈടാക്കുന്ന 5% Turnover Tax ഒഴിവാക്കലും, ToT ഒഴിവാക്കുന്നതിലൂടെ ഉണ്ടാകുന്ന വരുമാന നഷ്ടം നികത്തുന്നതിന് KGST നിരക്ക് 4% വർധിപ്പിക്കുന്നതും ഒരേ സമയം പ്രാബല്യത്തിൽ കൊണ്ടുവരുന്നതിനായി കേരള നിയമസഭയിൽ ഒരു ബിൽ അവതരിപ്പിച്ച് 1963-ലെ KGST നിയമം ഭേദഗതി ചെയ്യാമോ ?.

അല്ലെങ്കിൽ

(b) വരുമാന നഷ്ടത്തിന് ഇടയാക്കുമെങ്കിലും, 1963 ലെ KGST നിയമത്തിലെ സെക്ഷൻ 10 പ്രകാരം വിറ്റുവരവ് നികുതി ഒഴിവാക്കുന്നതിനുള്ള വിജ്ഞാപനം ആദ്യം പുറപ്പെടുവിച്ചശേഷം, തുടർന്ന് KGST നിരക്ക് 4% വർദ്ധിപ്പിക്കുന്നതിനുള്ള ബിൽ അവതരിപ്പിക്കാമോ?

4. മേൽപറഞ്ഞ രണ്ട് നിർദ്ദേശങ്ങളും മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിനായി ബഹു.മുഖ്യമന്ത്രി ഉത്തരവിട്ടു.

5. അതിന്റെ അടിസ്ഥാനത്തിൽ 30.11.2022-ൽ ചേർന്ന മന്ത്രിസഭായോഗം, ഖണ്ഡിക 3-ലെ (ബി) പിരിവിലെ നിർദ്ദേശം അംഗീകരിക്കുകയുണ്ടായി.

6. ഇതു സംബന്ധിച്ച് നിയമവകുപ്പിന്റെ അഭിപ്രായം താഴെചേർക്കുന്നു.

"നിർദ്ദിഷ്ട നിയമനിർമ്മാണം സംബന്ധിച്ച വിഷയം ഭാരതത്തിന്റെ ഭരണഘടനയുടെ ഏഴാം പട്ടികയിലെ ലിസ്റ്റ് II സംസ്ഥാന ലിസ്റ്റിലെ 54-ാം ഉൾക്കുറിപ്പിൽ ഉൾപ്പെടുന്നു, അതായത് :-

""ലിസ്റ്റ് II സംസ്ഥാന ലിസ്റ്റ്

XX XX XX XX

54. Taxes on the sale of petroleum crude, high speed diesel, motor spirit (commonly known as petrol), natural gas, aviation turbine fuel and alcoholic liquor for human consumption, but not including sale in the course of inter-State trade or commerce or sale in the course of international trade or commerce of such goods.

XX XX XX XX

ആയതിനാൽ പ്രസ്തുത വിഷയത്തെ സംബന്ധിച്ച് നിയമനിർമ്മാണം നടത്തുവാൻ സംസ്ഥാന നിയമസഭയ്ക്ക് അധികാരമുണ്ട്.

2022-ലെ കേരള പൊതുവിൽപന നികുതി (ഭേദഗതി) ബില്ലിന്റെ കരട് ഭരണവകുപ്പിന്റെ പരിഗണനയ്ക്കായി കൊടി എ -യിൽ വച്ചിട്ടുണ്ട്. ആയത് ഭരണവകുപ്പിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾക്ക് അനുസൃതമാണോയെന്നത് ഭരണവകുപ്പ് പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.

കരട് ബില്ലിലെ വ്യവസ്ഥകൾ ഭാരതത്തിന്റെ ഭരണഘടനയുടെ വ്യവസ്ഥകൾക്ക്, പ്രത്യേകിച്ച്, മൗലികാവകാശങ്ങളെ സംബന്ധിച്ച വ്യവസ്ഥകൾക്ക് വിരുദ്ധമാകുന്നതല്ല. ആയതിനാൽ ഈ ബിൽ നിയമസഭയിൽ അവതരിപ്പിക്കുന്നതിന് രാഷ്ട്രപതിയുടെ ശിപാർശയോ അനുമതിയോ ആവശ്യമില്ല.

ഭാരതത്തിന്റെ ഭരണഘടനയുടെ 199-ാം അനുച്ഛേദ പ്രകാരം ഏതെങ്കിലും നികുതിയുടെ ചുമത്തൽ, നിർത്തലാക്കൽ, ഇളവു ചെയ്യൽ, ഭേദപ്പെടുത്തൽ അല്ലെങ്കിൽ ക്രമപ്പെടുത്തൽ എന്നിവ സംബന്ധിച്ചുള്ള വ്യവസ്ഥകൾ മാത്രമടങ്ങുന്നതാകയാൽ ആയത് ഒരു 'പണബിൽ' ആയി കരുതപ്പെടുന്നതാണ്. അനുച്ഛേദം 207(1) പ്രകാരം 199-ാം അനുച്ഛേദപ്രകാരമുള്ള ഒരു പണബിൽ

നിയമസഭയിൽ അവതരിപ്പിക്കുന്നതിന് ഗവർണ്ണറുടെ ശിപാർശ ആവശ്യമാണ്.

കരട് ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്യുമ്പോൾ സംസ്ഥാന സഞ്ചിതനിധിയിൽ നിന്ന് എന്തെങ്കിലും ചെലവ് വരുന്നപക്ഷം ധനകാര്യവകുപ്പുമായി കൂടിയാലോചിച്ച് ധനകാര്യ മെമ്മോറാണ്ടം തയ്യാറാക്കേണ്ടതും ബിൽ നിയമസഭ പരിഗണിക്കുന്നതിന് ഭാരതത്തിന്റെ ഭരണഘടനയുടെ 207(3) അനുച്ഛേദപ്രകാരമുള്ള ഗവർണ്ണറുടെ ശിപാർശയും ലഭ്യമാക്കേണ്ടതാണ്. ഫയൽ ഈ വകുപ്പിലേക്ക് മടക്കി അയക്കുന്നതിന് മുൻപ് അപ്രകാരം ഗവർണ്ണറുടെ ശിപാർശ ഭരണവകുപ്പ് നേടിയിരിക്കേണ്ടതാണ്.

നിർദ്ദിഷ്ട നിയമനിർമ്മാണം സംബന്ധിച്ച നിർദ്ദേശം ബഹുമാനപ്പെട്ട വകുപ്പ് മന്ത്രി, നിയമവകുപ്പ് മന്ത്രി എന്നിവർ മുഖേന ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് സമർപ്പിച്ച് കേരള സർക്കാരിന്റെ റൂൾസ് ഓഫ് ബിസിനസ്സിലെ 45-ാം ചട്ടമനുസരിച്ചുള്ള ഉത്തരവും കരട് ബില്ലിന് മന്ത്രിസഭയുടെ അംഗീകാരവും വാങ്ങിയതിനും ശേഷം, കരട് ബില്ലിനോടൊപ്പം ഉദ്ദേശ്യകാരണങ്ങളുടെ വിവരണം, ധനകാര്യ മെമ്മോറാണ്ടം എന്നിവയും ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം ഉണ്ടെങ്കിൽ ആയതും തയ്യാറാക്കി മേൽ പ്രസ്താവിച്ച പ്രകാരം സംസ്ഥാന സഞ്ചിതനിധിയിൽ നിന്ന് എന്തെങ്കിലും അധിക ചെലവ് വരുന്ന പക്ഷം ഭാരതത്തിന്റെ ഭരണഘടനയുടെ അനുച്ഛേദം 207(3) പ്രകാരമുള്ള ഗവർണ്ണറുടെ ശിപാർശയും സഹിതം തുടർ നടപടികൾക്കായി ഫയൽ ഈ വകുപ്പിലേക്ക് അയച്ചു തരുവാൻ ഭരണവകുപ്പിനോട് ആവശ്യപ്പെടാവുന്നതാണ്."

7. ഈ വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിനായി ബഹു.മുഖ്യമന്ത്രി ഉത്തരവിട്ടു.

## തീരുമാനിക്കേണ്ട സംഗതി

സംസ്ഥാനത്തിനകത്ത് വിദേശമദ്യം നിർമ്മിക്കുകയും വിൽക്കുകയും ചെയ്യുന്ന ഡിസ്റ്റിലറികൾക്ക് 1963 -ലെ KGST നിയമപ്രകാരം ഈടാക്കുന്ന 5% Turnover Tax (ToT) ഒഴിവാക്കിനൽകുമ്പോൾ ഉണ്ടാകുന്ന വരുമാന നഷ്ടം പരിഹരിക്കുന്നതിനായി വിദേശമദ്യത്തിന്റെ KGST നിരക്ക് 4% വർധിപ്പിക്കുന്നതിനു തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ 1963-ലെ KGST നിയമം ഭേദഗതി ചെയ്യുന്നതിനായി അനുബന്ധമായി ചേർത്തിട്ടുള്ള 2022- ലെ കേരള പൊതുവിൽപന നികുതി (ഭേദഗതി) ബില്ലിന്റെ കരട് അംഗീകരിക്കാമോ?

-229- Flag 'A'

**DRAFT BILL/LAW DEPARTMENT**

**THE KERALA GENERAL SALES TAX (AMENDMENT) BILL, 2022**

**A**

**BILL**

*further to amend the Kerala General Sales Tax Act,* 1963.

*Preamble.- WHEREAS,* it is expedient further to amend the Kerala General Sales Tax Act, 1963 (15 of 1963) for the purposes hereinafter appearing;

BE it enacted in the Seventy-third Year of the Republic of India as follows:-

*1. Short title and commencement.-* (1) This Act may be called the Kerala General Sales Tax (Amendment) Act, 2022.

(2) It shall come into force at once.

*2. Amendment of the Schedule.-In the* Kerala General Sales Tax Act,1963 (15 of 1963) (hereinafter referred to as the principal Act), *in the* SCHEDULE, in serial number 2, under the heading 'Foreign Liquor', for the entries "112, 82, 247, 237" against sub-entries , (iii), (iv) and sub-items (a) and (b) of sub-entry (v), the entries "116, 86, 251, 241" shall, respectively, be substituted.